സർക്കാർഭൂമിയും കൃഷിത്തോട്ടങ്ങളും പാട്ടത്തിനു കൊടുക്കുന്ന നടപടി

26 (*296)ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. വർഗ്ഗീസ് വൈദ്യൻ :
ശ്രീ. ജോൺ ഫെർണ്ടാണ്ടസ് :
ശ്രീ. വി.കെ. ചന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർഭൂമിയും കൃഷിതോട്ടങ്ങളും പാട്ടത്തിനുകൊടുക്കുന്നത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും നയം സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) പാട്ടക്കാലാവധി കഴിഞ്ഞ കേസുകളിൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വിശദമാക്കുമോ;

(ഡി) പാട്ടത്തുക വർദ്ധിപ്പിച്ചുകൊണ്ട് കൃഷിത്തോട്ടങ്ങളുടേയും, സർക്കാർ ഭൂമിയുടേയും പാട്ടക്കാലാവധി നീട്ടിക്കൊടുത്തുകൊണ്ട് തീരുമാനം എടുത്തിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ)&(ബി) 1960 ലെ കേരള ഭൂമി പതിവ് നിയമത്തിലെ 7-ാം വകുപ്പ് നൽകുന്ന അധികാരമുപയോഗിച്ച് നിർമ്മിച്ചിട്ടുള്ള വിവിധ ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ചാണ് സർക്കാർ ഭൂമി പാട്ടത്തിന് നൽകുന്നത്.

(സി) പാട്ടക്കാലാവധി കഴിഞ്ഞ കേസ്സുകളിൽ സർക്കാർ ആവശ്യത്തിന് ഭൂമി ആവശ്യമുണ്ടെങ്കിൽ പാട്ടത്തിന് കൊടുക്കാറില്ല. അല്ലായെങ്കിൽ പാട്ടം പുതുക്കുന്നതിന് അപേക്ഷകിട്ടുന്ന മുറയ്ക്ക് പുതുക്കിക്കൊടുക്കാറുണ്ട്.

(ഡി)&(ഇ) പാട്ടത്തുക വർദ്ധിപ്പിക്കുന്ന കാര്യം മാത്രം സർക്കാരിന്റെ പരിഗണനയിലാണ്.

ഓംബുഡ്സ്മാൻ സമിതികളുടേയും ട്രൈബ്യൂണലുകളുടേയും രൂപീകരണം

27 (*297)ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അഴിമതിയെപ്പറ്റി അന്വേഷിക്കുന്നതിന് പഞ്ചായത്ത് രാജ് ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം 'ഓംബുഡ്സ്മാൻ' ന്റെ രൂപീകരണം നടന്നിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly